മത്സ്യബന്ധന തുറമുഖങ്ങളുടെ പണികൾ

*14 [426] ശ്രീ. മഞ്ഞളാംകുഴി അലി :
,, സാജു പോൾ :
,, വി. കെ. സി. മമ്മത് കോയ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ പണികൾ ഈ വർഷം പൂർത്തീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം തുറമുഖങ്ങളിലാണ് വാർഫ് നിർമ്മാണം, ചെളിവാരൽ, പാർക്കിംഗ് സ്ഥലമൊരുക്കൽ, ട്രാൻസിറ്റ് ഷെഡ്, വെയ്ബ്രിഡ്ജ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അനിവാര്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വലുതും ചെറുതുമായ തുറമുഖങ്ങളുടെ അനിവാര്യമായിട്ടുള്ള പണികൾക്കെല്ലാമായി മൊത്തം എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു; അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിൽ എന്തു തുക വകയിരുത്തുകയുണ്ടായി?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) വിഴിഞ്ഞം, മുതലപ്പൊഴി, കായംകുളം, നീണ്ടകര എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2005-06-ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പൊന്നാനി മത്സ്യബന്ധന തുറമുഖം 2007 ലും, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം 2008-ലും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) കായംകുളം, നീണ്ടകര, വിഴിഞ്ഞം, പൊന്നാനി, മുതലപ്പൊഴി, മാപ്പിളബേ, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ ചെളിവാരൽ അനിവാര്യമാണ്. ബേപ്പൂരിലും നീണ്ടകരയിൽ ശക്തികുളങ്ങര ഭാഗത്തും വാർഫിന്റെ നീളം വർദ്ധിപ്പിക്കൽ അനിവാര്യമാണ്. അഴീക്കലിൽ ഒരു ട്രാൻസിറ്റ് ഷെഡ് നിർമ്മിക്കേണ്ടതുണ്ട്.

(സി) വലുതും ചെറുതുമായ മത്സ്യബന്ധന തുറമുഖങ്ങളുടെ അനിവാര്യമായ പണികൾക്കെല്ലാമായി 2005-06-ൽ 27 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിൽ 14.62 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly